"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - ശ്രീ. അഭിജിത്ത് ജി.ആർ.-ന് അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്

സ.ഉ.(സാധാ) നം.957/2019/ത.സ്വ.ഭ.വ          തീയതി,തിരുവനന്തപുരം, 09/05/2019

പരാമർശം:-
1. 23.11.2009 ലെ 5624/Adv.C3/2007/P&ARD നം.സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.02.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
3. ശ്രീ.അഭിജിത്ത് ജി.ആർ. സമർപ്പിച്ച 14.03.2019 ലെ അപേക്ഷ.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.03.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.03.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി.എഞ്ചിനീയറായി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് പരാമർശം 2 പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ മാറാടി ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ.അഭിജിത്ത് ജി.ആർ, ടിയാൻ ഇപ്പോൾ 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ്' - ൽ സിവിൽ എൻജിനീയറിംഗിൽ പി.എച്ച്.ഡി. ചെയ്ത് വരികയാണ് എന്നതിനാൽ സർവീസിൽ പ്രവേശിക്കുന്നതിന് 31.03.2020 വരെ സമയം നീട്ടി നൽകണമെന്ന് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകന് പരാമർശം 4 പ്രകാരം 13.04.2019 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 31.03.2020 വരെ നീട്ടുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരമുള്ള നിലവിലുള്ള വ്യവസ്ഥകൾക്ക് ഇളവുനൽകികൊണ്ട് ശ്രീ.അഭിജിത്ത് ജി.ആർ.-ന്റേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാന്

സർവീസിൽ പ്രവേശിക്കുന്നതിന് 31.03.2020 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

4. ടിയാൻ 01.04.2020 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാന്റെ സീനിയോറിറ്റി KS&SSR ഭാഗം II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സി.എസ്.ശ്രീകല**
**ഡെപ്യൂട്ടി സെക്രട്ടറി**

1. ശ്രീ.അഭിജിത്ത് ജി.ആർ., ചന്ദ്രമംഗലത്ത് പുത്തൻ വീട്, അസംബ്ലിമുക്ക്, തിരുവനന്തപുരം - 695 313 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ